പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4690 — 26-06-2019-ലെ മറുപടിയ്ക്ക്

**യുവജനങ്ങൾക്കിടയിൽ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് ആവശ്യമായ നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവത്ക്കരണം, കൂടുതൽ വരുമാനം എന്നിവ ഉറപ്പാക്കുന്ന വിവിധ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഹൈടെക് അഗ്രികൾച്ചർ, പച്ചക്കറി കൃഷി വികസന പദ്ധതി, അഗ്രോ സർവീസ് സെന്ററും കാർഷിക കർമ്മസേനയും മൂല്യവർദ്ധന യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവയാണ് പ്രധാന പദ്ധതികൾ.<br>കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 64 അഗ്രോ സെന്ററുകളിലും 200 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷകതൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.<br>കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിന് സ്ഥാപിക്കുന്ന അഗ്രോപാർക്കുകളിൽ സംരഭകത്വമുള്ള യുവജനങ്ങൾക്ക് മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.<br>കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തിരം സാങ്കേതിക, സാമ്പത്തിക പിന്തുണ |

| | | | |
|---|---|---|---|
| | | | നൽകിവരുന്നു.<br>കൃഷി വകുപ്പിന്റെ കീഴിലുള്ള 5 പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) 2 കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകി വരുന്നു. നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ വഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്. |
| (ബി) | കൃഷിയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിന് കൂടുതലായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി മൂല്യവർദ്ധനവും വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി, പഴങ്ങൾ എന്നിവയ്ക്ക് ശീതീകരിച്ച വിതരണ ശൃംഖല (cold chain) സംവിധാനങ്ങളുടെ സ്ഥാപനത്തിനായുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. കാർഷിക മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും യുവാക്കളെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിനുമായി അഗ്രി സ്റ്റാർട്ടപ്പിനുള്ള സഹായവും അഗ്രി ബിസിനസ് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിനും പുതിയ പദ്ധതി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ